49

# കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - വിത്തു തേങ്ങയുടെ വില പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കൃഷി (ഫാംസ് ) വകുപ്പ്

സ.ഉ.(സാധാ) നം. 2408/2011/കൃഷി.

തിരുവനന്തപുരം, തീയതി, 26/12/2011.

---

പരാമർശം:- 1) 25/01/2011-ലെ സ.ഉ.(സാധാ)നം.162/2011/കൃഷി.
2) 06/12/2011-ലെ കൃഷി ഡയറക്ടറുടെ TH.(2) 41279/2011 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡബ്ല്യൂ.സി.റ്റി., എലൈറ്റ്, എം.വൈ.ഡി എന്നീ ഇനം വിത്തുതേങ്ങയ്ക്ക് 19 രൂപ വീതവും സങ്കരയിനം വിത്തുതേങ്ങയ്ക്ക് 21 രൂപയും ആയി വില നിർണ്ണയിച്ച് ഉത്തരവായിരുന്നു. ഇക്കൊല്ലത്തെ വിത്തുതേങ്ങ സംഭരണ സീസൺ തുടങ്ങികഴിഞ്ഞതിനാലും സംഭരിക്കുന്ന വിത്തുതേങ്ങയുടെ വില കർഷകർക്ക് സമയബന്ധിതമായി നൽകേണ്ടതിനാലും വർദ്ധിച്ച തോതിലുള്ള കൂലിച്ചെലവ് മാനിച്ച് വിത്തുതേങ്ങയുടെ വില 75% പ്രീമിയത്തിൽ തീരുമാനിച്ച് പുതുക്കി നിശ്ചയിക്കണമെന്ന് കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. കൃഷി ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വർദ്ധിച്ച തോതിലുള്ള കൂലിച്ചെലവ് മാനിച്ച് വിത്തുതേങ്ങയുടെ വില 75% പ്രീമിയത്തിൽ തീരുമാനിച്ച് താഴെപറയുന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ഡബ്ല്യൂ.സി.റ്റി. | : | 20/- രൂപ |
| എലൈറ്റ് | : | 20/- രൂപ |
| എം.വൈ.ഡി/സി.ഒ.ഡി | : | 20/- രൂപ |
| സങ്കര ഇനം | : | 23/- രൂപ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.പി.ബാബു
ഡെപ്യൂട്ടി സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ (ഫാംസ്), കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ